©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2026 മാർച്ച് 11
11th March 2026
1201 കുംഭം 27
27th Kumbham 1201
1947 ഫാൽഗുനം 20
20th Phalguna 1947

നമ്പർ
No. 1118

GOVERNMENT OF KERALA

Law (Opinion-E) Department

NOTIFICATION

G. O. (P) No. 9/2026/Law.
S. R. O. No. 363/2026

Dated, Thiruvananthapuram, 10th March, 2026
26th Kumbham, 1201
19th Phalguna, 1947.

In exercise of the powers conferred by section 50 of the Special Marriage Act, 1954 (Central Act 43 of 1954) the Government of Kerala, hereby make the following rules further to amend the Kerala Special Marriage Rules, 1958 issued under D.Dis 15676/57/EHD dated the 15th January, 1958 and published in the Kerala Gazette No. 5 dated the 4th February, 1958, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

RULES

1. *Short title and commencement.*—(1) These rules may be called the Kerala Special Marriage (Amendment) Rules, 2026.

(2) They shall come into force at once.

2. *Amendment of the Rules.*—In the Kerala Special Marriage Rules, 1958,—

(1) in rule 2,—

(i) in clause (b), after the word "rules" the words "and includes e-form" shall be added;

(ii) after clause (c), the following clause shall be added, namely:—

"(d) Words and expressions used in these rules but not defined, shall have the same meaning as respectively assigned to them in the Act and the Information Technology Act, 2000 (21 of 2000) and the rules made thereunder."

(2) in rule 4 for sub-rules (a), (b), (c) and (e) the following sub-rules shall respectively be substituted, namely:—

"(a) Notice of any intended marriage under the Act shall be given in the form as specified in the Second Schedule of the Act, in electronic form, to the Marriage Officer by both the parties intending to enter into the Marriage. The photographs and signatures of the parties to the marriage shall be uploaded in electronic form at the time of submission of the notice.

(b) The fee prescribed thereof in rule 10 for the notice of intended marriage shall be paid electronically while submitting the notice as provided in sub-rule (a) above.

(c) Upon receipt of the notice, if it is in conformity with the requirements of the Act, the Marriage Officer shall accept the notice and shall file it in the Marriage Notice Book, which is maintained in electronic form. If the notice is not in conformity with the requirements of the Act, it shall be returned for rectification and re-submission within a date to be fixed by Government.

(e) The parties to the marriage shall along with the notice of the intended marriage, submit one similar set of their passport-size photograph to the Marriage Officer for affixing them in the Marriage Certificate Book".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) in rule 7 for sub-rules (b) and (e), the following sub-rules shall respectively be substituted, namely:—

"(b) Such application shall be submitted to the Marriage Officer by either of the parties in electronic mode.

(e) The parties to the marriage shall, along with the application for registration of marriage, submit to the Marriage Officer one similar set of their passport-size photograph, for affixing the same in the Marriage Certificate Book".

(4) in rule 10 after sub item (b) of item (ix), for the existing paragraphs the following paragraph shall be substituted, namely:—

"The fee prescribed above except the fee prescribed in entry (viii) shall be paid only through e-payment, and fee prescribed with respect to the entry (viii) shall be levied by cash and the receipt thereof shall be issued".

By order of the Governor,

K. G. SANAL KUMAR,
Law Secretary.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Registration Department has implemented e-governance in various services rendered by the department. However, the processes of notice, payment of fees, registration and solemnization of marriages under the Special Marriage Act, 1954 (Central Act 43 of 1954) are presently handled through physical means. Even though photographs of the parties to the marriage are affixed in the Marriage Certificate Book, they are not incorporated in the true copies issued from the offices. This creates difficulty for the parties, especially in cases where the certificates are produced in embassies of foreign countries for visa purposes, as the authorities doubt the genuineness of the certificates. Therefore, in order to bring ease of governance in the implementation of the Special Marriage Act, 1954, (Central Act 43 of 1954) and to streamline the submission of notice and issuance of marriage certificates digitally, the Government have decided to amend the Kerala Special Marriage Rules, 1958, suitably.

This notification is intended to achieve this objective.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

നിയമ (ഉപദേശം-ഇ) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 9/2026/നിയമം. *തിരുവനന്തപുരം, 2026 മാർച്ച് 10*
1201 കുംഭം 26
1947 ഫാൽഗുനം 19.

എസ്. ആർ. ഒ. നമ്പർ 363/2026

1954-ലെ പ്രത്യേക വിവാഹ ആക്റ്റിലെ (1954-ലെ 43-ാം കേന്ദ്ര ആക്റ്റ്) 50-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 1958 ജനുവരി 15-ാം തീയതിയിലെ ഡി.ഡിസ്. 15676/57/ഇ.എച്ച്.ഡി. പ്രകാരം പുറപ്പെടുവിച്ചതും 1958 ഫെബ്രുവരി 4-ാം തീയതിയിലെ 5-ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:—

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2026-ലെ കേരള പ്രത്യേക വിവാഹ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിൽ,—

(1) 2-ാം ചട്ടത്തിൽ,—

(i) (ബി)-ഖണ്ഡത്തിൽ, "എന്നർത്ഥമാകുന്നു" എന്ന വാക്കിനു പകരം "എന്നർത്ഥമാകുന്നതും അതിൽ ഇ ഫാറം ഉൾപ്പെടുന്നതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (സി) ഖണ്ഡത്തിന് ശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും, ആക്റ്റിലും, ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ്, 2000 (2000-ലെ 21-ാം കേന്ദ്ര ആക്റ്റ്)-ലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അതിൻകീഴിൽ നിർമ്മിച്ച ചട്ടങ്ങളിലും യഥാക്രമം നൽകിയിരിക്കുന്ന അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.”

(2) 4-ാം ചട്ടത്തിൽ, (എ), (ബി), (സി), (ഇ) എന്നീ ഉപചട്ടങ്ങൾക്ക് പകരം താഴെപ്പറയുന്ന ഉപചട്ടങ്ങൾ യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

“(എ) ആക്റ്റിനു കീഴിലെ ഏതൊരു ഉദ്ദിഷ്ട വിവാഹത്തിന്റെയും നോട്ടീസ്, വിവാഹത്തിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്ന ഇരു കക്ഷികളും, ആക്റ്റിന്റെ രണ്ടാം പട്ടികയിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള മാതൃകയിൽ ഇലക്ട്രോണിക് രൂപത്തിൽ വിവാഹ ഓഫീസർക്ക് നൽകേണ്ടതാണ്. വിവാഹത്തിലേർപ്പെടുന്ന കക്ഷികളുടെ ഫോട്ടോഗ്രാഫുകളും ഒപ്പുകളും നോട്ടീസ് സമർപ്പിക്കുന്ന സമയത്ത് ഇലക്ട്രോണിക് രൂപത്തിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.

(ബി) മേൽ ഉപചട്ടം (എ) പ്രകാരമുള്ള നോട്ടീസ് സമർപ്പിക്കുമ്പോൾ, ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസിലേക്കായി 10-ാം ചട്ടത്തിൽ നിർണ്ണയിച്ചിട്ടുള്ള പ്രകാരമുള്ള ഫീസ് ഇലക്ട്രോണിക് രൂപത്തിൽ അടയ്ക്കേണ്ടതാണ്.

(സി) നോട്ടീസ് ലഭിച്ച് കഴിഞ്ഞാൽ, അത് ആക്റ്റിന്റെ ആവശ്യകതകൾക്ക് അനുസൃതമാകുന്ന പക്ഷം, വിവാഹ ഓഫീസർ നോട്ടീസ് സ്വീകരിക്കേണ്ടതും ഇലക്ട്രോണിക് രൂപത്തിൽ സൂക്ഷിക്കുന്ന വിവാഹ നോട്ടീസ് ബുക്കിൽ ഫയൽ ചെയ്യേണ്ടതുമാണ്. നോട്ടീസ്, ആക്റ്റിന്റെ ആവശ്യകതകൾക്ക് അനുസൃതമാകാത്ത പക്ഷം, സർക്കാർ നിശ്ചയിക്കുന്ന തീയതിക്കകം അത് തെറ്റ് തിരുത്തുന്നതിനും വീണ്ടും സമർപ്പിക്കുന്നതിനും വേണ്ടി മടക്കേണ്ടതാണ്.

(ഇ) വിവാഹത്തിൽ ഏർപ്പെടുന്ന കക്ഷികൾ, അവരുടെ സമാനമായ ഒരു സെറ്റ് പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ്, ആയത് വിവാഹ സാക്ഷ്യപത്രബുക്കിൽ ഒട്ടിക്കുന്നതിനായി ഉദ്ദിഷ്ട വിവാഹം സംബന്ധിച്ച നോട്ടീസിനൊപ്പം വിവാഹ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ് ”.

(3) 7-ാം ചട്ടത്തിൽ, (ബി), (ഇ) എന്നീ ഉപചട്ടങ്ങൾക്ക് പകരം താഴെപ്പറയുന്ന ഉപചട്ടങ്ങൾ യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

“(ബി) അത്തരം അപേക്ഷ, കക്ഷികളിലാരെങ്കിലും വിവാഹ ഓഫീസർ മുമ്പാകെ ഇലക്ട്രോണിക് രൂപത്തിൽ സമർപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഇ) വിവാഹത്തിലേർപ്പെടുന്ന കക്ഷികൾ, വിവാഹ സാക്ഷ്യപത്രബുക്കിൽ ഒട്ടിക്കുന്നതിനായി വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയോടൊപ്പം അവരുടെ സമാനമായ ഒരു സെറ്റ് പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ് വിവാഹ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ് ".

(4) 10-ാം ചട്ടത്തിൽ ഇനം (ix)-ലെ ഉപഇനം (ബി)-യ്ക്ക് ശേഷം നിലവിലുള്ള ഖണ്ഡികകൾക്ക് പകരം താഴെ പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

"(viii)-ാം ഉൾക്കുറിപ്പിൽ പരാമർശിച്ചിട്ടുള്ള ഫീസ് ഒഴികെ മുകളിൽ നിർദ്ദേശിച്ചിരിക്കുന്ന ഫീസ് ഇലക്ട്രോണിക് രൂപത്തിൽ മാത്രം അടയ്ക്കേണ്ടതും, (viii)-ാം ഉൾക്കുറിപ്പിൽ പരാമർശിച്ചിട്ടുള്ള ഫീസ് പണമായി ഈടാക്കേണ്ടതും ആയതിന് രസീത് നൽകേണ്ടതുമാണ് ".

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽകുമാർ,
നിയമ സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

രജിസ്ട്രേഷൻ വകുപ്പ്, അത് നൽകുന്ന വിവിധ സേവനങ്ങൾക്കായി ഇ-ഗവേണൻസ് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ, 1954-ലെ പ്രത്യേക വിവാഹ നിയമ പ്രകാരമുള്ള വിവാഹങ്ങളുടെ നോട്ടീസ് നൽകൽ, ഫീസ് ഒടുക്കൽ, രജിസ്ട്രേഷൻ, വിവാഹ നടത്തിപ്പ് എന്നിവ നിലവിൽ ഭൗതികമായാണ് കൈകാര്യം ചെയ്യുന്നത്. വിവാഹ സാക്ഷ്യപത്രബുക്കിൽ വിവാഹത്തിലെ കക്ഷികളുടെ ഫോട്ടോഗ്രാഫുകൾ പതിപ്പിക്കുന്നുണ്ടെങ്കിലും, ഓഫീസുകളിൽ നിന്ന് നൽകുന്ന അസ്സൽ പകർപ്പുകളിൽ അവ ഉൾപ്പെടുത്തിയിട്ടില്ല. വിസ ആവശ്യങ്ങൾക്കായി, പ്രത്യേകിച്ച് വിദേശ രാജ്യങ്ങളുടെ എംബസികളിൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്ന സന്ദർഭങ്ങളിൽ, അധികാരികൾ സർട്ടിഫിക്കറ്റുകളുടെ ആധികാരികതയെ സംശയിക്കുന്നതിനാൽ, ഇത് വിവാഹത്തിലേർപ്പെടുന്ന കക്ഷികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. മേൽ സാഹചര്യത്തിൽ, 1954-ലെ പ്രത്യേക വിവാഹ നിയമം (1954-ലെ കേന്ദ്ര നിയമം 43) നടപ്പിലാക്കുന്നതിലുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭരണനിർവ്വഹണം എളുപ്പമാക്കുന്നതിനും, നോട്ടീസ് സമർപ്പിക്കുന്നതും, വിവാഹ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ രൂപത്തിൽ നൽകുന്നതും ലഘൂകരിക്കുന്നതിനുമായി, 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങൾ ഉചിതമായ രീതിയിൽ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.11 08:12:17 +05:30